**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 423** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സമഗ്രമായ നിയമ, ഭരണ, നയ, സാങ്കേതിക പരിഷ്കാരങ്ങൾ നടപ്പിലാക്കി വരികയാണ്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം വിവിധ വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട വകുപ്പുകൾ അനുമതി നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി കെ-സ്വിഫ്റ്റ് (K-SWIFT) എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ വിവിധ വകുപ്പുകളുടെ അനുമതികളും ലൈസൻസുകളും ഈ സംവിധാനത്തിലൂടെ ലഭ്യമാകുന്നുണ്ട്. പുതിയ സംരംഭങ്ങൾക്കുള്ള അനുമതികൾക്കും നിലവിലുള്ള സ്ഥാപനങ്ങളുടെ അനുമതി പുതുക്കലുകൾക്കും ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നത് കൂടുതൽ ലളിതമാക്കുന്നതിനായി 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരം നിശ്ചിത വിഭാഗങ്ങളിൽപ്പെടുന്ന സംരംഭകർക്ക് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സംരംഭം ആരംഭിക്കാനുള്ള സൗകര്യം ലഭ്യമാണ്.

വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ നടപടികൾ കൂടുതൽ സുതാര്യവും ഏകോപിതവുമാക്കുന്നതിനായി കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (KCIS) നടപ്പിലാക്കിയിട്ടുണ്ട്.

അനുമതി നടപടികളുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതിപരിഹാര സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനുമായി നിയമങ്ങളും ചട്ടങ്ങളും അവലോകനം ചെയ്ത് ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി അനുയോജ്യമായ വ്യവസായ നയം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുയോജ്യമായ മുൻഗണനാ മേഖലകളിൽ നിക്ഷേപം ആകർഷിക്കുക, തൊഴിൽസാധ്യതകൾ വർധിപ്പിക്കുക, സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

അടിസ്ഥാനസൗകര്യ വികസനത്തിനും ഭൂമി ലഭ്യത മെച്ചപ്പെടുത്തുന്നതിനുമായി വ്യവസായ പാർക്കുകളിലും വ്യവസായ എസ്റ്റേറ്റുകളിലും വിവിധ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ലാൻഡ് അലോട്ട്മെന്റ് നടപടികൾ ലളിതമാക്കുകയും സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കും ക്യാമ്പസ് വ്യവസായ പാർക്കുകൾക്കും പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

നിക്ഷേപ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനും വ്യവസായ പദ്ധതികൾ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുമായി അനുമതി നടപടികളുടെ ഡിജിറ്റലൈസേഷൻ, സമയബന്ധിത സേവന വിതരണം, നയപരിഷ്കാരങ്ങൾ, അടിസ്ഥാനസൗകര്യ വികസനം എന്നിവ തുടർച്ചയായി നടപ്പിലാക്കി വരുന്നു.

വ്യവസായ സൗഹൃദ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, നിക്ഷേപ പ്രോത്സാഹനം ശക്തിപ്പെടുത്തുന്നതിനും, വ്യവസായ അടിസ്ഥാനസൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനും, വിജ്ഞാനാധിഷ്ഠിതവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ വ്യവസായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമായി കൂടുതൽ നയപരവും ഭരണപരവുമായ പരിഷ്കാരങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. വിഷൻ 2031 ലക്ഷ്യങ്ങൾക്ക് അനുസൃതമായി സുസ്ഥിര വ്യവസായ പുരോഗതിയും സമഗ്ര സാമ്പത്തിക വികസനവും കൈവരിക്കുന്നതിനും, കേരളത്തെ ആഗോള നിലവാരത്തിലുള്ള വ്യവസായ കേന്ദ്രമായും നിക്ഷേപ ലക്ഷ്യസ്ഥാനമായും ഉയർത്തിക്കൊണ്ടുവരുന്നതാണ്.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, വ്യവസായ പാർക്കുകൾ, സെക്ടർ സ്പെസിഫിക് ക്ലസ്റ്ററുകൾ തുടങ്ങിയവ സ്ഥാപിച്ചു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് പരിപാടിയിലൂടെ കേരളത്തിലേക്ക് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും കൊണ്ടുവരാൻ സാധിച്ചു. അതോടൊപ്പം നിരവധി നിക്ഷേപ സെമിനാറുകൾ, ഇൻവെസ്റ്റർ മീറ്റുകൾ എന്നിവ സംഘടിപ്പിച്ച് നിക്ഷേപകരെ നേരിട്ട് സമീപിക്കുകയും, വിവിധ നികുതി ഇളവുകൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഇത്തരം ചുമതലകളെല്ലാം വഴി സംസ്ഥാനം വ്യവസായ വികസനത്തിൽ ശക്തമായ മുന്നേറ്റം നടത്തുകയാണ്. കാലാനുസൃതമായ മാറ്റങ്ങൾ ലാൻഡ് പോളിസിയിൽ ഉൾപ്പെടുത്തുന്നതിനോടൊപ്പം, സംരംഭകരുടെ ഭാരം ലഘൂകരിച്ച് സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് നിരവധി നയപരിഷ്കാരങ്ങൾ കിൻഫ്ര നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഒരു യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരിക്കുകയും അതുവഴി നിക്ഷേപകർക്ക് കാലാനുസൃതമായി ഉത്പന്നങ്ങളിൽ മാറ്റം വരുത്തുവാനും ആവശ്യമെങ്കിൽ യൂണിറ്റുകൾ കൈമാറ്റം ചെയ്യുവാനും പുതിയ ബിസിനസ് പങ്കാളികളെ ചേർക്കുവാനും കമ്പനി ഭരണഘടനയിൽ മാറ്റം വരുത്തുവാനും ലളിതമായ വ്യവസ്ഥകളോടെ നടത്തുവാനും സാധിക്കുന്നു.

**(ബി)** വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ;

**<u>മറുപടി:</u>** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നത് കൂടുതൽ ലളിതമാക്കുന്നതിനായി 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം 2019' നടപ്പിലാക്കിയിട്ടുണ്ട്.

പ്രസ്തുത നിയമപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ചുവപ്പ് വിഭാഗത്തിൽ (Red Category) ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള വിവിധ ലൈസൻസുകളും അനുമതികളും ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ സംരംഭം ആരംഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കെ-സ്വിഫ്റ്റ് സംവിധാനത്തിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാൽ വ്യവസായം തുടങ്ങുന്ന വേളയിൽ അനുമതികൾക്കായി വിവിധ ഓഫീസുകൾ സന്ദർശിക്കേണ്ട സാഹചര്യം ഒഴിവാക്കുകയും സംരംഭം ആരംഭിക്കുന്നതിലെ കാലതാമസം ഗണ്യമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. സംരംഭം ആരംഭിച്ച് മൂന്നര വർഷത്തിനുള്ളിൽ സംരംഭകർ ആവശ്യമായ അനുമതികൾ നേടിയെടുത്താൽ മതിയാവും. ഈ നിയമത്തിന്റെ പ്രയോജനം ഉപയോഗപ്പെടുത്തി ഇതുവരെ ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം സ്വന്തമാക്കിയിട്ടുണ്ട്.

കൂടാതെ, K-SWIFT മുഖേന വിവിധ വകുപ്പുകളുടെ അനുമതികൾക്കും ലൈസൻസുകൾക്കും അപേക്ഷ സമർപ്പിക്കാനും അവയുടെ പുരോഗതി നിരീക്ഷിക്കാനും സൗകര്യമൊരുക്കിയിട്ടുണ്ട്. പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ അനുമതി പുതുക്കലുകൾക്കും ഒരേ പ്ലാറ്റ്ഫോം ഉപയോഗിക്കാവുന്ന രീതിയിലാണ് സംവിധാനം ക്രമീകരിച്ചിട്ടുള്ളത്. ഇതോടൊപ്പം പരിശോധനാ സംവിധാനങ്ങൾ ഏകോപിപ്പിക്കുകയും അനുമതി നടപടികൾക്ക് സമയപരിധി നിശ്ചയിക്കുകയും ചെയ്തതിലൂടെ വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഗണ്യമായി ലഘൂകരിക്കപ്പെട്ടിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും പുതിയ വ്യവസായങ്ങളെ പിന്തുണച്ചും കേരളത്തിലെ വ്യാവസായിക വളർച്ചയ്ക്ക് ഉന്നൽനല്കുകയാണ് കിൻഫ്രയുടെ ലക്ഷ്യം. കിൻഫ്രയിൽ ഭൂമിയും SDF അനുവദിക്കുന്നതിനുള്ള നടപടിക്രമം ഇനിപ്പറയുന്ന ഘട്ടങ്ങൾ ഉൾക്കൊള്ളുന്നു:

അപേക്ഷകർ ഫോറം എ, അനുബന്ധ രേഖകൾ സഹിതം വിശദമായ പ്രോജക്ട് റിപ്പോർട്ടും സംരംഭകർ കിൻഫ്ര പാർക്കുകളിലോ അല്ലെങ്കിൽ ഹെഡ് ഓഫീസിലോ സമർപ്പിക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസായി 10,000/- പ്ലസ് ജിഎസ്.ടി നൽകേണ്ടതാണ്. കിൻഫ്ര പ്രൊജക്റ്റ് റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ച് ജില്ലാ ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ (ഡിലാക്) അനുമതിക്കും 10 ഏക്കറോ അതിൽ കൂടുതലോ സ്ഥലത്തിന് സംസ്ഥാന ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ (സിലാക്) അനുമതിയ്ക്കായും സമർപ്പിക്കുന്നതാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് കിൻഫ്ര അലോട്ട്മെന്റ് സ്ഥിതീകരിച്ചുകൊണ്ട് ഇന്റിമേഷൻ ലെറ്റർ നല്കുന്നതാണ്. ഭൂമി നിക്ഷേപമനുസരിച്ച് 60/90 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതാണ്, ബഹുനില കെട്ടിട സമുച്ചയങ്ങളുടെ പാട്ടക്കാലാവധി 10 വർഷമാണ്.

യൂണിഫൈഡ് ലാൻഡ് പോളിസി അനുസരിച്ച്, വിവിധ തരം വ്യവസായങ്ങൾക്കുള്ള, പേമെന്റ്, ലീസ് എന്നിവയുടെ വ്യത്യാസങ്ങൾ താഴെപ്പറയുന്നതാണ്.

| | | | |
|---|---|---|---|
| നിക്ഷേപം | 100 കോടിക്കുമുകളിൽ | 50 കോടിയിൽ നിന്ന് 100 കോടി വരെ | 50 കോടിയിലും താഴെ |
| EMD | 10% | 20% | 20% |
| പേമെന്റ് കാലയളവ് | 9 വർഷം | 5 വർഷം | 5 വർഷം |
| ലീസ് കാലയളവ് | 90വർഷം | 60 വർഷം | 60 വർഷം |
| മോറാറ്റോറിയം | 24 മാസം | 24 മാസം | ഇല്ല |

**(സി)** സംരംഭകരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

**മറുപടി:** സംരംഭകരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനായി വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. വ്യവസായ അനുമതികൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക, ഡിജിറ്റൽ സേവനങ്ങൾ വിപുലീകരിക്കുക, അനാവശ്യ പരിശോധനകളും നടപടിക്രമങ്ങളും കുറയ്ക്കുക, പരാതി പരിഹാര സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമാക്കുക, നിക്ഷേപകരെ സഹായിക്കുന്ന സ്ഥാപന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതാണ്.

മുൻഗണനാ മേഖലകളിലെ നിക്ഷേപങ്ങൾക്ക് കൂടുതൽ പ്രോത്സാഹനങ്ങൾ നൽകുകയും ആധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വ്യവസായ പാർക്കുകൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുടെ വികസനത്തിലൂടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. വ്യവസായ സൗഹൃദ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, നിക്ഷേപ പ്രോത്സാഹനം ശക്തിപ്പെടുത്തുന്നതിനും, വ്യവസായ അടിസ്ഥാനസൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനും, വിജ്ഞാനാധിഷ്ഠിതവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ വ്യവസായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമായി കൂടുതൽ നയപരവും ഭരണപരവുമായ പരിഷ്കാരങ്ങളും ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. വിഷൻ 2031 ലക്ഷ്യങ്ങൾക്ക് അനുസൃതമായി സുസ്ഥിര വ്യവസായ പുരോഗതിയും സമഗ്ര സാമ്പത്തിക വികസനവും കൈവരിക്കുന്നതിനും, കേരളത്തെ ആഗോള നിലവാരത്തിലുള്ള വ്യവസായ കേന്ദ്രമായും നിക്ഷേപ ലക്ഷ്യസ്ഥാനമായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിക്കുക വഴി സംരംഭകരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് സാധിക്കുമെന്നാണ് കരുതുന്നത്.

**സെക്ഷൻ ഓഫീസർ**